"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം 1000/-രൂപ വർദ്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(കൈ) നം.76/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. 22-09-2023-ലെ സ.ഉ(കൈ) നം.140/2023/GEDN നമ്പർ ഉത്തരവ്.
2. 25-06-2024-ലെ സ.ഉ(സാധാ) നം.1131/2024/LSGD നമ്പർ ഉത്തരവ്.
3. 04-11-2025-ലെ സ.ഉ (കൈ) നം.200/2025/LSGD നമ്പർ ഉത്തരവ്.
4. 2026-27 ബഡ്ജറ്റ് പ്രസംഗത്തിലെ പാരാ നം.21
5. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 24-02-2026-ലെ DO NO.3427698/BDS-2/6/2026-FIN നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാ മിഷനെയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, പരാമർശം (2) പ്രകാരം സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയത്തിന്റെ 60% പ്രേരക്മാർ സേവനമനുഷ്ഠിച്ചുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും, അവശേഷിക്കുന്ന 40% അനുവദിയ്ക്കുന്നതിന് സാക്ഷരതാ മിഷനെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് സാക്ഷരതാ പ്രേരക്മാരുടെയും പ്രേരക് സംഘടനകളുടെയും അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഓണറേറിയത്തിൽ 01-11-2025 തീയതി പ്രാബല്യത്തിൽ 1000/- രൂപയുടെ വർദ്ധനവ് വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2026-27 ബഡ്ജറ്റ് പ്രസംഗത്തിലെ പാരാ 21 പ്രകാരം സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസവേതനത്തിൽ 1000 രൂപ വർദ്ധനവ് ഏർപ്പെടുത്തണമെന്ന് പ്രഖ്യാപിക്കുകയും, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തിൽ 2515-00-102-21 ശീർഷകത്തിൽ 20,20,00,000/- ( ഇരുപത് കോടി ഇരുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയ്ക്കായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം 1000/- (ആയിരം രൂപ മാത്രം) വർദ്ധിപ്പിക്കുന്നതിന്

ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സാക്ഷരത മിഷൻ പ്ലാൻ ഫണ്ടുമായി ബന്ധപ്പെട്ട 2515-00-102-21-36 ( P) General Non -salary എന്ന ശീർഷകത്തിൽ പ്രേരക് ഓണറേറിയത്തിനായി 2026-27 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഇതിനായുള്ള ചെലവ് കണ്ടെത്തേണ്ടതും തദ്ദേശ സ്ഥാപനങ്ങൾ അനുവദിക്കേണ്ടതായ വിഹിതം ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (എ & ഇ) തിരുവനന്തപുരം.
4. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്. (DO NO.3427698/ BDS-2/6/2026-FIN)
5. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 07-03-2026 17:21:38
സെക്ഷൻ ഓഫീസർ